നെയ്യാറ്റിൻകര ജില്ലാ ആശുപത്രി, ചിറയിൻകീഴ് താലൂക്ക് ആശുപത്രി, തിരുവനന്തപുരം മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ സ്ഥലം കണ്ടെത്തി സുരക്ഷിത ഭക്ഷണ വില്പന മേഖലകൾ ഉണ്ടാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. രാജ്യത്ത് ആദ്യമായിട്ടാണ് "സുരക്ഷിത ഭക്ഷണമേഖല" എന്നുള്ള ആശയം ഒരു സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. അതുകൊണ്ടുതന്നെ ഇതുമായി ബന്ധപ്പെട്ട എല്ലാ വശങ്ങളും കൃത്യമായി പരിശോധിച്ചതിനുശേഷം മാത്രമേ ഇത് പൂർണ്ണമായും പ്രായോഗികതലത്തിൽ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. ഇതിന് അനുബന്ധമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ പദ്ധതി

26 (*236) ശ്രീ. പി. കെ. ബഷീർ :

ശ്രീ. പി. ഉബൈദുള്ള :

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിലും ജലാശയങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നതു തടയാൻ പാലങ്ങളിലും മറ്റു ഗതാഗതമുള്ള ഭാഗങ്ങളിലും വേലി കെട്ടുന്ന പദ്ധതിയുടെ നടത്തിപ്പ് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ നടത്തിപ്പ് ഏത് ഏജൻസി /വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം മാലിന്യനിക്ഷേപം തടയാനാവുന്നുണ്ടോ എന്ന കാര്യം പരിശോധിക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ&ബി) നദികളിലും ജലാശയങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയാനുദ്ദേശിച്ച് പാലങ്ങളിലും മറ്റു ഗതാഗതമുള്ള ഭാഗങ്ങളിലും വേലി കെട്ടുന്ന പദ്ധതി ജലവിഭവ വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കുന്നില്ല. എന്നാൽ കരമന റിവർ സയന്റിഫിക് മാനേജ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തി ഇറിഗേഷൻ വകുപ്പ് കരമന നദി, കിള്ളിയാർ, തെക്കനക്കര കനാൽ, തിരുവല്ലംതോട് എന്നിവിടങ്ങളിൽ മാലിന്യം നിക്ഷേപിക്കപ്പെടുന്നത് തടയാൻ ഗാൽവനൈസ്ഡ് അയൺ ചെയിൻ ലിങ്ക് ഉപയോഗിച്ച് ഭാഗികമായി വേലി കെട്ടുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ എറണാകുളം ജില്ലയിൽ ജലസേചന വിഭാഗത്തിന് കീഴിൽ മാർക്കറ്റ് കനാലിന്റെ തീരങ്ങളിൽ വേലികെട്ടൽ നടത്തിയിട്ടുണ്ട്.

(സി) ഒരു പരിധിവരെ തടയാൻ സാധിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly